**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1458** **01-02-2024 - ൽ മറുപടിയ്ക്ക്**

**മാതൃകാ പ്രീപ്രൈമറി സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പ്രീപ്രൈമറി സ്കൂളുകൾ മാതൃകാ പ്രീപ്രൈമറി സ്കൂളുകളാക്കി മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 608 പ്രീ പ്രൈമറി സ്കൂളുകൾ മാതൃകാ പ്രീ പ്രൈമറി സ്കൂള് കളായി ഉയർത്തിയിട്ടുണ്ട്. കൂടാതെ 500 പ്രീ-പ്രൈമറി സ്കൂളുകൾ മാതൃകാ പ്രീ പ്രൈമറി സ്കൂളുകൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എന്തൊക്കെ സൗകര്യങ്ങളാണ് മാതൃകാ പ്രീപ്രൈമറി സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | വർണ്ണ കൂടാരം പദ്ധതി പ്രകാരം താഴെപ്പറയുന്ന സൗകര്യങ്ങൾ മാതൃകാ പ്രീ പ്രൈമറി സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1. പ്രീ പ്രൈമറി കുട്ടികളിൽ അഞ്ച് മേഖലകളുടെ വികാസം ഉറപ്പിക്കൽ<br>2. പതിമൂന്ന് ഇടങ്ങളിൽ ആയി വികസന നൈപുണ്യം<br>3. കുട്ടികൾക്കായി ഇരിപ്പിടങ്ങൾ<br>4. കളി ഉപകരണങ്ങൾ<br>5. സംഗീത ഉപകരണങ്ങൾ<br>6. കുട്ടികൾക്കായി ലൈബ്രറി<br>7. വായന ഇടങ്ങൾ<br>8. ഐടി ഉപകരണങ്ങൾ<br>9ശലഭ ഉദ്യാനങ്ങൾ<br>10. ചിൽഡ്രൻസ് പാർക്ക്<br>11. സർഗാത്മക അവതരണ ഇടങ്ങൾ<br>12.കരകൗശല വസ്തുക്കളുടെ നിർമ്മാണവും പ്രവർത്തനവും<br>13. സ്പോർട്സ് ഉപകരണങ്ങൾ |
| (സി) | വാമനപുരം മണ്ഡലത്തിൽ എതെങ്കിലും സ്കൂളുകളെ | (സി) | വാമനപുരം നിയോജകമണ്ഡലത്തിൽ നാല് |

| | | | |
|---|---|---|---|
| | മാതൃകാ പ്രീപ്രൈമറിയാക്കി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ? | | സ്കൂളുകളെ മാതൃകാ പ്രീപ്രൈമറി സ്കൂളുകളായി ഉയർത്തിയിട്ടുണ്ട്. ഗവണ്മെന്റ് ഹൈസ്കൂൾ മടത്തറ, ഗവണ്മെന്റ് എൽ പി എസ് മുതുവിള, ജി.എൽ. പി.എസ് പാലോട്, ജി.എൽ.പി.എസ്.ഭരതന്നൂർ എന്നീ സ്കൂളുകളാണ് മാതൃകാ പ്രീപ്രൈമറി സ്കൂളുകളായി ഉയർത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ